# കൊളവല്ലൂർ ഈസ്റ്റ് എൽ പി സ്കൂൾ
## എൽ എസ് എസ് - 2020
### മാതൃക പരീക്ഷ

**പേര്:**

**പേപ്പർ -1 പാർട്ട് - എ** **മലയാളം** **1x5**

1 . മലയാളത്തിലെ "ആധുനിക കവിത്രയം" എന്നറിയപ്പെടുന്നത് ഏതൊക്കെ കവികളാണ്?

A.

2. ഒ എൻ വി കുറുപ്പിന്റെ യഥാർത്ഥ പേര്?

A.

3. കഥകളിയുടെ സാഹിത്യ രൂപമാണ് .................?

A.

4. "കഥയറിയാതെ ആട്ടം കാണുക" - പഴഞ്ചൊല്ല് വിശദമാക്കുക

A) കാര്യം അറിയാതെ വീക്ഷിക്കുക B) കഥകളി കാണുക

C)കാരണമില്ലാതെ വിഷമിക്കുക D) ചിന്തിച്ച് പ്രവർത്തിക്കുക

A.

5. കണ്ണ് എന്നർഥം വരുന്ന രണ്ട് പദങ്ങൾ എഴുതുക.

A.

KOLAVALLOOR EAST L P SCHOOL

**<u>വിശദമായി ഉത്തരം എഴുതേണ്ടവ.</u>**

6 . ഈ കവിത വായിക്കുക

**<u>അമ്മ</u>**

മാസങ്ങൾ പത്തു ചുമന്നു നിന്നെ
നൊന്തു പ്രസവിച്ചതമ്മയല്ലേ
ഉണ്ണിവയറു വിശന്നിടുമ്പോൾ
'അമ്മിഞ്ഞ' യേകുന്നതമ്മയല്ലേ
പിച്ചനടന്നു പിടിച്ചുവീണാൽ
കൊച്ചുകാലമ്മ തിരുമ്മുകില്ലേ
ചെമ്മണ്ണുപൂണ്ട കവിൾത്തടത്തിൽ
ഉമ്മതരുന്നതുമമ്മയല്ലേ?
മണ്ണും ചെളിയും പുരണ്ടു ചെന്നാൽ
തിണ്ണം കുളിപ്പിതമ്മയല്ലേ
കണ്ണിലുറക്കം കയറിടുമ്പോൾ
പാടിയുറക്കുന്നതമ്മയല്ലേ
സ്നേഹത്തിനെന്നുമിരിപ്പിടമാം
അമ്മകാണപ്പെട്ടും ദൈവമല്ലേ?
പൊൻമകനേ! നിന്റെ നന്മയൊന്നേ
അമ്മതൻ ജീവിതലക്ഷ്യമോർക്കാ.
അമ്മ പറഞ്ഞാലാനുസരിക്ക
നന്മവരും നിനക്കില്ല തർക്കം **(ബാലകവിതകൾ)** **ശ്രീപാദം ഈശ്വരൻ നമ്പൂതിരി**

a) കവിത നൽകുന്ന സന്ദേശം എന്താണ്? **1x1**

b) അമ്മയുടെ ജീവിതലക്ഷ്യം എന്താണെന്നാണ് കവി പറഞ്ഞിരിക്കുന്നത്? **1x1**

c) 'അമ്മ' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക **3x1**

KOLAVALLOOR EAST L P SCHOOL

## Paper 1 Part B **English**

**1. (a) Answer the riddle given below** **1x1**

I am the biggest bird. I can't fly.
I have a long neck, I live in desert.
Who am I?

**(b) Choose the wrongly spelt word** **1x1**

Beautiful –Nightingale- Shelter –Merchant

**(c) Write a description about any bird that you see around your house.** **3x1**

**പേപ്പർ -1 പാർട്ട് സി** **പൊതുവിജ്ഞാനം**

1x5

1. 2019 ൽ ജ്ഞാനപീഠം അവാർഡ് ലഭിച്ചത് ആർക്ക്?

A.

2. അറബിക്കടലിൽ ലക്ഷദ്വീപിന് സമീപമായി ഒക്ടോബർ അവസാനം ഉണ്ടായ 'മഹ' ചുഴലിക്കാറ്റിന് ആ പേര് നൽകിയത് ഏത് രാജ്യമാണ് ?

A.

3. ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി?

A.

4. ദേശീയ കായിക ദിനം എന്ന്?

A.

5. കേരളത്തിലെ ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി?

A.

**പേപ്പർ -2 പാർട്ട് - എ** **പരിസരപഠനം**

KOLAVALLOOR EAST L P SCHOOL

**ശരിയുത്തരത്തിന്റെ അടിയിൽ വരയുക** 1x3

1. താഴെ പറയുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദി ഏത്?

   a) പമ്പ b) നിള c) പെരിയാർ d) പാമ്പാർ

2. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തി എഴുതുക

   a) തവള b) ആമ c) സാലമാണ്ടർ c) ന്യൂട്ട്

3. ചുവടെ കൊടുത്തവയിൽ വിമാനത്താവളം ഇല്ലാത്ത കേരളത്തിലെ ജില്ല ഏത്?

   a) കണ്ണൂർ b) കോഴിക്കോട് c) എറണാകുളം d) തിരുവനന്തപുരം

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x2

4. മുളയ്ക്കുന്ന വിത്തിന്റെ ഏത് ഭാഗമാണ് കാണ്ഡമായി മാറുന്നത്?

A.

5. വീണ ക്ലാസ്സിലെ മേശപ്പുറത്തുവച്ച ഐസ് നിറച്ച ജഗ് നിരീക്ഷിച്ചപ്പോൾ ജഗ്ഗിന്റെ പുറംഭാഗത്തും വെള്ളം കാണാൻ സാധിച്ചു. കാരണം എന്ത്?

A.

**വിശദമായി ഉത്തരം എഴുതുക** 5x1

11. താഴെപ്പറഞ്ഞിരിക്കുന്ന സാമഗ്രികൾ ഉപയോഗിച്ച് വായുവിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമുണ്ട് എന്ന് തെളിയിക്കുക

**സാമഗ്രികൾ : പ്ലാസ്റ്റിക് കുപ്പി, വാട്ടർ ടാപ്പ്, റബർ ബാൻഡ്, ബലൂൺ, വെള്ളം**

പ്രവർത്തനത്തിന്റെ പരീക്ഷണക്കുറിപ്പ് തയ്യാറാക്കണം

## പേപ്പർ 2 പാർട്ട് ബി ഗണിതം

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** 1x5

1. ഏറ്റവും ചെറിയ നാലക്ക സംഖ്യയും ഏറ്റവും വലിയ രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?
   a) 901 b) 999 c) 9000 d) 111

2. 99 X 101 = ................
   a) 999 b) 1099 c) 9999 d) 9909

3. 85 എന്ന സംഖ്യ റോമൻ അക്കത്തിൽ എഴുതിയാൽ.
   a) LIIIV b) LXXXV c) CXXV d) XXXXXXXXV

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x5

4. 100 X 50 X 2 X 0 = …………..

5. പാറ്റേൺ പൂർത്തിയാക്കുക
   1, 4, 9, 16, __

5x1

12. കൊളവല്ലൂർ ഈസ്റ്റ് എൽ പി സ്കൂളിലെ കുട്ടികൾ കൃഷിഭവന്റെ സഹായത്തോടെ തുടങ്ങിയ സ്കൂൾ പച്ചക്കറി തോട്ടത്തിൽ തക്കാളി, വെണ്ട, വഴുതന, പയർ എന്നിവയാണ് കൃഷി ചെയ്തത്. വിളവെടു - ത്തതിൽ നിന്നും സ്കൂളിലേക്ക് വേണ്ടുന്നവ മാറ്റിവച്ച ശേഷം 2 ക്വിന്റൽ പച്ചക്കറി വില്പന നടത്തി. വില്പന നടത്തിയ പച്ചക്കറിയുടെ ആകെ ഭാരത്തിന്റെ പകുതി ഭാഗം തക്കാളി ആയിരുന്നു. തക്കാളിയുടെ ഭാരത്തിന്റെ പകുതിയാണ് വഴുതന. വില്പന നടത്തിയ പയറും വെണ്ടയും തുല്യ ഭാരമായിരുന്നു.എങ്കിൽ താഴെ കൊടുത്ത പട്ടിക പൂർത്തിയാക്കി ആകെ വിറ്റുവരവ് കണ്ടെത്തുക.

| ഇനം | തൂക്കം (കി ഗ്രാം) | വില (ഒരു കി ഗ്രാമിന്) | വരവ് (രൂപ) |
|---|---|---|---|
| തക്കാളി | | 23 | |
| വെണ്ട | | 30 | |
| വഴുതന | | 30 | |
| പയർ | | 40 | |
| | | ആകെ | |

KOLAVALLOOR EAST L P SCHOOL